**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2084** **09-12-2022 - ൽ മറുപടിയ്ക്ക്**

**മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് തമിഴ്നാട്ടിലേക്ക് കെ - സ്വിഫ്റ്റ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും തമിഴ്നാട്ടിലേക്ക് കെ - സ്വിഫ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും തമിഴ്നാട്ടിലേക്ക് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | മൂന്നാറിൽ നിന്നും നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലേക്ക് കെ -സ്വിഫ്റ്റ് സർവ്വീസ് നടത്തുന്നുണ്ട്; അറിയിക്കുമോ; | (ബി) | മൂന്നാറിൽ നിന്നും ബാംഗ്ലൂരിലേയ്ക്ക് രണ്ട് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ് ഉപയോഗിച്ച് സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | തമിഴ്നാട്ടിലേക്ക് സർവ്വീസ് നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അന്തർസംസ്ഥാന കരാർ പ്രകാരമാണ് അയൽസംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തി വരുന്നത്.<br><br>നിലവിൽ മൂന്നാറിൽ നിന്നും തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളായ ഉദുമൽപേട്ട്, തേനി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ